14/01/2020

DESPATCHED On..22/2/2020


സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic@kerala.nic.in


**ഹർജി നമ്പർ AP.No. 1850(5)/16/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 9668/SIC-G7/2016**

സന്നിഹിത

**ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീമതി സീമ സന്തോഷ്,**
**അമ്പാടി ഹൗസ്,**
**വട്ടുക്കുളം പി.ഒ. കടപ്പൂർ,**
**കോട്ടയം.**

} അപ്പീൽ ഹർജിക്കാരി

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,**
**അടൂർ റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്,**
**അടൂർ റബ്ബേഴ്സ് ബിൽഡിംഗ് കോംപ്ലക്സ്,**
**ഹൈസ്കൂൾ ജംഗ്ഷൻ,**
**അടൂർ, പത്തനംതിട്ട – 691 253.**

**അപ്പീൽ അധികാരി,**
**അടൂർ റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്,**
**അടൂർ റബ്ബേഴ്സ് ബിൽഡിംഗ് കോംപ്ലക്സ്,**
**ഹൈസ്കൂൾ ജംഗ്ഷൻ,**
**അടൂർ, പത്തനംതിട്ട 691 253.**

} എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 26.04.2016 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 09.05.2016 |
| ഒന്നാം അപ്പീൽ | 07.06.2016 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 04.07.2016 |
| രണ്ടാം അപ്പീൽ | 03.08.2016 |
| ഹിയറിംഗ് തീയതി, സ്ഥലം | 07.05.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കോട്ടയം |
| എതിർകക്ഷി | ഹാജരായിരുന്നു |
| അപ്പീൽ ഹർജിക്കാരി | ഹാജരായിരുന്നില്ല |

1. അപ്പീൽ ഹർജിക്കാരി 03.08.2016 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രണ്ടാം അപ്പീൽ AP 1850(5)/16/SIC ആയി ഫയലിൽ സ്വീകരിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒന്നാം എതിർകക്ഷിയേയും അപ്പീൽ ഹർജിക്കാരിയേയും നേരിൽ കേൾക്കുന്നതിന് നോട്ടീസ് നൽകുകയുണ്ടായി.

2. നേർ വിചാരണാ ദിവസം ഹാജരായ മാനേജിംഗ് ഡയറക്ടർ കമ്മീഷൻ മുമ്പാകെ എഴുതി നൽകിയത്, അടൂർ റബ്ബേഴ്സ് (പ്രൈ.) ലിമിറ്റഡ് ഒരു പ്രൈവറ്റ് കമ്പനി ആണെന്നും 2005 ലെ വിവരാവകാശ നിയമപ്രകാരം 'പബ്ലിക് അതോറിറ്റി' നിർവ്വചനത്തിൽ പ്രസ്തുത കമ്പനി ഉൾപ്പെടുന്നില്ല എന്നുമാണ്. കൂടാതെ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന ഉത്തരവുകളോ നോട്ടിഫിക്കേഷനുകളോ ഉണ്ടെങ്കിൽ അത് ചൂണ്ടി കാണിച്ചാൽ ടിയാരി ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ തയ്യാറാണെന്നും അറിയിക്കുന്നുണ്ട്.

3. അപ്പീൽ ഹർജിയും മറ്റ് അനുബന്ധ രേഖകളും പരിശോധിക്കുമ്പോൾ, അടൂർ റബ്ബേഴ്സ് (പ്രൈ.) ലിമിറ്റഡ് ഒരു പ്രൈവറ്റ് കമ്പനി ആണെന്നും ആയത് വിവരാവകാശ നിയമത്തിന്റെ കീഴിൽ വരുന്നതല്ല എന്നും കമ്മീഷൻ വിലയിരുത്തുന്നു.

4. മേൽ സാഹചര്യത്തിൽ മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേപ്പടി ഹർജിയിന്മേൽ മറ്റ് നടപടികൾ ആവശ്യമില്ല എന്ന് വിലയിരുത്തി ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 ജനുവരി മാസം 14 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

RIGHT TO
INFORMAT.